# ACADEMIC MASTER PLAN

# 2025-26

S.H.NJANODAYA SCHOOL FOR THE DEAF
VILLOONNI

# ഉള്ളടക്കം.


1. ആമുഖം :-
2. സ്കൂളിനെ അറിയുന്ന അടിസ്ഥാന വിവരങ്ങൾ.
3. ലക്ഷ്യങ്ങൾ
4. വിദ്യാലയത്തിന്റെ ലഘു ചരിത്രം പൊതു ചിത്രം
5. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്.
6. പദ്ധതി രൂപീകരണ പ്രക്രിയ
7. നിലവിലെ അവസ്ഥാ വിശകലനം.
8. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
9. പദ്ധതി വിശദാംശങ്ങൾ [മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം]
10. പ്രതീക്ഷിത നേട്ടങ്ങൾ.
11. മോണിറ്ററിംഗ് രീതി
12. ഉപസംഹാരം.

ആമുഖം :-

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന മഹത്തായ പ്രവർത്തനം ഗൗരവത്തോടെ ആസൂത്രണം ചെയ്ത് ചിട്ടയായ രീതിയിൽ നടപ്പിലാക്കി മുന്നോട്ട് പോവുകയാണ്. പൊതുവിദ്യാഭ്യാസമാകെ ഭൗതികമായും സാമൂഹികമായും ഏറ്റവും മികച്ച നിലയിൽ സമയബന്ധിതമായി എത്തിക്കുന്നതിനായി സമഗ്രമായ ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസം നൽകുന്നതിന് വേണ്ടിയുള്ള സ്പെഷ്യൽ സ്കൂളുകളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ ശാസ്ത്രീയമായി രൂപീകരിക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ ഏറെ സഹായകരമാണ്. പാർശ്വവൽക്കരിക്കപ്പെട്ട ജീവിതമായ

പരിമിതികളും. വെല്ലുവിളികളും നേരിടു
ന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള
റെസിഡൻഷ്യൽ സ്ഥാപനങ്ങളായതിനാൽ
സ്പെഷ്യൽ സ്കൂളുകൾക്ക് അനുയോജ്യമായ
ആലോചനയും. തുടർന്നുവരുന്ന
ഹ്രസ്വ, മധ്യ, ദീർഘ കാലയളവിലേക്കുള്ള
വ്യക്തമായ പ്രവർത്തന പദ്ധതി
കൾ അടങ്ങിയ അക്കാദമിക മാസ്റ്റർ
പ്ലാനുകൾ തയ്യാറാക്കേണ്ടതുണ്ട്.

# സ്കൂളിനെ കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ.

സ്കൂളിന്റെ പേര് - എസ്. എച്ച്. ജ്ഞാനോദയ സ്കൂൾ ഫോർ ദ ഡെഫ്. വിളക്കുന്നി.

വിലാസം - വിളക്കുന്നി (പി.ഒ)
ഞാൻചക്കര
686008 (പിൻ)
കോട്ടയം (ജില്ല)

ഫോൺ - 8304861256

ഇമെയിൽ - njanodaya@gmail.com

പ്രധാനാധ്യാപകന്റെ പേര് - സി. സാലിമ്മ ജോസഫ്

വിദ്യാഭ്യാസ ജില്ല - കോട്ടയം

വിദ്യാഭ്യാസ ഉപജില്ല - കോട്ടയം വെസ്റ്റ്

സ്കൂൾ കോഡ് - 50025

സി.ആർ.സി - കോട്ടയം വെസ്റ്റ്

പാർലമെന്റ് മണ്ഡലം - കോട്ടയം

നിയമസഭാ മണ്ഡലം - ഏറ്റുമാനൂർ

ജില്ലാ പഞ്ചായത്ത് - കോട്ടയം

ബ്ലോക്ക് പഞ്ചായത്ത് - ആർപ്പൂക്കര.

വാർഡ് - 5

താലൂക്ക് - കോട്ടയം

വില്ലേജ് - ആർപ്പൂക്കര.

## ലക്ഷ്യങ്ങൾ:

- ഈ സ്ഥാപനത്തിൽ പഠിക്കുന്ന ഓരോ കുട്ടിക്കും മികച്ച ശ്രവണ-ഭാഷാ സംസാര പരിശീലനം ലഭ്യമാക്കി അവരെ മുഖ്യധാരയിലേക്ക് എത്തിക്കുക.

- ശ്രവണം, സ്പീച്ച് റീഡിംഗ്, വായന, സംസാരം, എഴുത്ത്, ആംഗ്യഭാഷ (ISL) എന്നീ മാർഗ്ഗങ്ങളിലൂടെ ഭാഷാപരമായ നൈപുണികൾ ഫലപ്രദമായി വികസിപ്പിച്ച് ഓരോ കുട്ടിയെയും കുടുംബത്തോടും ബധിര സമൂഹത്തോടും, പൊതുസമൂഹത്തോടും കാര്യക്ഷമമായി ആശയവിനിമയം നടത്തുന്നതിന് പ്രാപ്തിയുള്ളവരാക്കുക.

- ഗുണമേന്മയുള്ള വ്യക്തിഗത വിശേഷ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കി ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.

- സ്കൂളിലെ എല്ലാ കുട്ടികളും അതാത് ക്ലാസ്സിൽ അവർ നേടേണ്ട പഠനനേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പാക്കുക.

- കുട്ടികളുടെ അക്കാദമികവും, സർഗ്ഗാത്മകവും, കായികവും, കലാപരവുമായ കഴിവുകൾ പരമാവധി പരിപോഷിപ്പിക്കുകയും അക്കാദമികം, കല, കായികം, പ്രവൃത്തി പരിചയം എന്നീ നാല് മേഖലകളിൽ ഏതെങ്കിലും ഒന്നിൽ എല്ലാ കുട്ടികളെയും സംസ്ഥാന തലത്തിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സജ്ജരാക്കുക.

- "ക്യാമ്പസ് ഒരു പാഠപുസ്തകം" എന്ന രീതിയിൽ സ്കൂൾ ക്യാമ്പസിനെ മാറ്റിയെടുക്കുക.

# വിദ്യാലയത്തിന്റെ ലഘുചരിത്രം - ചൈതന്യ ചിത്രം.

2 പതിറ്റാണ്ടിലേറെ കാലമായി കോട്ടയം ജില്ലയിലെ ആർപ്പൂക്കര പഞ്ചായത്തിൽ വില്ലൂന്നി എന്ന പ്രദേശത്ത് ബധിര വിദ്യാർത്ഥികളുടെ ഉന്നമനത്തിന് വേണ്ടി തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന വിദ്യാലയമാണ് "S.H. Vijnanodaya School for the deaf."

1996 ജൂൺ 3-ാം തീയതി ഈ പഞ്ചായത്തിൽ 6 വിദ്യാർത്ഥികളെയും കൊണ്ട് തിരുഹൃദയ മഠത്തിനോട് ചേർന്ന് ഒരു ചെറിയ സംരംഭമായി ആരംഭം കുറിച്ചു. ബധിര വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരാനുള്ള ലക്ഷ്യത്തോടെയാണ്

ഈ വിദ്യാലയം ആരംഭിച്ചത്. കോട്ടയം വിദ്യാഭ്യാസ ജില്ലയിൽ ഒരു ബധിര വിദ്യാലയം പോലും ഇല്ലാതിരുന്ന സാഹചര്യത്തിലും, ആർപ്പൂക്കര പ-ഞ്ചായത്തിൽ ധാരാളം ബധിര വിദ്യ-ർത്ഥികൾ ഉണ്ടെന്ന് മനസിലാക്കിയതിനാലുമാണ് ഇത്തരം വിദ്യാർത്ഥികൾക്കായി ഇവിടെ ഈ വിദ്യാലയം സ്ഥാപിച്ചത്.

വിദ്യാർത്ഥികളുടെ എണ്ണം

ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ സ്കൂളിനായി ഒരു കെട്ടിടം പണിതുയർത്തി, 1998 ജൂണിൽ പുതിയ സ്കൂൾ കെട്ടിടത്തിൽ ബോർഡിംഗ് സൗകര്യത്തോടുകൂടി വിദ്യാലയത്തി-ന്റെ പ്രവർത്തനം തുടർന്ന് വരുന്നു. ഓരോ വർഷവും ഓരോ ക്ലാസ് വീതം ഉയർന്നുയർന്ന്, 2003-ൽ UP സ്കൂൾ പൂർത്തിയായി. സാധാരണ വിദ്യാർത്ഥികൾ പഠിക്കുന്ന അതേ വിഷയങ്ങളും കാര്യങ്ങളും പാഠ്യേതരങ്ങളും

ഞാൻ ഈ വിദ്യാലയത്തിലെ ആണു ഇന്നും പഠിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ നേഴ്സറി ക്ലാസ് മുതൽ 7-ാം ക്ലാസ് വരെ പ്രവർത്തിച്ചു വരു-ന്നു.

2005-ൽ L.P വിഭാഗവും 2016-വർഷത്തിൽ U.P വിഭാഗവും ഹൈസ്കൂൾ പദവിയിലേക്ക് ഉയർന്നു. പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങളിലും കുട്ടികൾ മികവ് പുലർത്തുന്നു. speech Therapy, ഡാൻസ്, ഫിസിയോതെറാപ്പി ക്രാഫ്റ്റ് വർക്ക്, കായിക പരിശീലനം എന്നിവയിൽ അധ്യാപകർ പരിശീല-നം നൽകുകയും സംസ്ഥാന തലത്തിൽ വരെ മത്സരങ്ങളിൽ സമ്മാനാർഹരാ-വുകയും ചെയ്യുന്നു. പാഠ്യ പാഠ്യേതര പ്രവർത്തികൾ ഉൾപ്പെടുന്ന വിവിധങ്ങളാ-യ കർമ്മ പരിപാടികൾ നടത്തുന്നത്

തങ്ങളുടെ വീടിനും നാടിനും ഉപകാരപ്പെടുന്നവരാകാൻ ശ്രമിച്ചു കൊണ്ട് ഈ സ്ത്രീകൾ നാടിന് മാതൃകയായി വിരാജിക്കുന്നു.

## വിദ്യാലയം - മികവിന്റെ കേന്ദ്രം:

- കുട്ടികളെ സമൂഹത്തിന്റെ മുഖ്യ-ധാരയിൽ എത്തിക്കൽ.
- കൗൺസിലിംഗ് സൗകര്യം ഒരുക്കൽ.
- സ്കൂളിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ.
- കുട്ടികളിലെ സർഗ്ഗപരമായ കഴി-വുകൾ കണ്ടെത്തി വികസിപ്പിക്കൽ
- കുട്ടികളിലെ സംസാരശേഷിയും ശ്രവണ പാടവവും നിരീക്ഷണ പാടവവും വർദ്ധിപ്പിക്കൽ.
- ചിത്രവായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നു.
- സസ്യവൈവിധ്യം കണ്ടെത്തി സ്കൂൾ വളപ്പിലെ സസ്യങ്ങളെ സംരക്ഷി-ക്കുകയും സസ്യ പരിപാലനത്തിലും

കൃഷിയിലും ആരോഗ്യരംഗ പരിപാ-
ലനത്തിലും ഞങ്ങളുടെ പങ്ക് വഹ-
ിക്കൽ പരിസ്ഥിതി സംരക്ഷ-
ണം ഉറപ്പാക്കൽ.

- അച്ചടക്കം, ദൃഢത, സ്നേഹം,
  ശുചിത്വം, സഹകരണ മനോഭാവ
  സേവന തല്പരത തുടങ്ങിയ
  മൂല്യങ്ങളും മനോഭാവങ്ങളും കുട്ടി
  കളിലാക്കാനുള്ള സാഹചര്യം വളർ-
  ത്തിയെടുക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ :

- വികസനാവശ്യങ്ങൾ, ക്ലാസ്, വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തരം തിരിച്ചു കരട് തയ്യാറാക്കൽ.
- കരട് രൂപരേഖ, SRG, PTA എന്നിവയ്ക്കു മുൻപാകെ അവതരിപ്പിക്കൽ.
- പുതിയ നിർദ്ദേശങ്ങൾ കൂട്ടി ചേർക്കൽ.
- ക്രോഡീകരിച്ച പദ്ധതിരേഖ തയ്യാറാക്കൽ.

## നിലവിലെ അവസ്ഥ
## വിശകലനം :

- ഭൗതിക - നേട്ടങ്ങൾ.

MLA ഫണ്ടിൽ നിന്ന് മഴവെള്ള സംഭരണിയും കമ്പ്യൂട്ടറും MP ഫണ്ടിൽ നിന്ന് കമ്പ്യൂട്ടറും SBT ബാങ്കിൽ നിന്ന് കമ്പ്യൂട്ടറും ജലശുദ്ധീകരണ ഉപകരണവും ലഭിച്ചിട്ടുണ്ട്. 10 കുട്ടികൾക്ക് ശ്രവണസഹായി ക്ലാസിൽ ഗ്രൂപ്പായിട്ട് ഉപയോഗിക്കാവുന്ന ശ്രവണ സഹായി, കാലിപ്പറുകൾ, speech trainer, പ്ലാസ്റ്റിക് നിക്ഷേപിക്കാനുള്ള ബിൻ, പഞ്ചായത്തിൽ നിന്ന് ഈ സ്കൂളിന് ലഭ്യമായിട്ടുണ്ട്. ചുറ്റുമതിൽ, കുടിവെള്ളം, ശൗചാലയങ്ങൾ, കളിസ്ഥലം,

വൈദ്യുതി, കാഫിറ്റേറിയം, പാർക്ക്, ശലഭോദ്യാനം തുടങ്ങിയ സൗകര്യങ്ങ-ളും സ്കൂളിന് ഉണ്ട്. എല്ലാ ക്ലാസ് മുറികളിലും ആവശ്യമായ ലൈറ്റ്, ഫാൻ ക്രമീകരണങ്ങൾ ഉണ്ട്. പൂ-ന്തോട്ടവും ഔഷധ തോട്ടവും ഉണ്ട്.

- ## ഭൗതികം - പരിമിതികൾ.

സ്മാർട്ട് ക്ലാസ്സും നിലവിൽ ഒരെണ്ണം മാത്രമുള്ളൂ. ബാക്കിയുള്ള ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ്സും ആക്കേണ്ടതായിട്ടുണ്ട്. ലാപ്ടോപ്പ്, LCD പ്രൊജക്ടർ ഇവയും ആവശ്യ-മാണ്. ജൈവവൈവിധ്യ പാർക്ക് നവീകരിക്കപ്പെടേണ്ടതായിട്ടുണ്ട്. Audio റൂം നവീകരിക്കപ്പെടേണ്ട-താണ്.

## • അക്കാദമികം - നേട്ടങ്ങൾ.

2023 - 2024 അക്കാദമിക വർഷത്തിൽ ഈ പഞ്ചായത്തിലെ ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള കലാ, കായിക മത്സരങ്ങൾ ഈ സ്കൂളിൽ വച്ച് സംഘടിപ്പിച്ചു. ഈ സ്കൂളിലെ കുട്ടികളും മത്സരങ്ങളിൽ പങ്കെടുക്കുകയും സമ്മാനാർഹരാവുകയും ചെയ്തു.

## • അക്കാദമികം - പരിമിതികൾ:

ബധിരത അനുഭവിക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള വിദ്യാഭ്യാസ സ്ഥാപനം എന്ന നിലയിലാണ് ഈ സ്കൂൾ പ്രവർത്തിച്ചു വരുന്നത്. കാലങ്ങൾ പിന്നിടുമ്പോൾ ബധിരതയുള്ള കുട്ടികൾ മാത്രമല്ല പഠന വൈകല്യമുള്ള കുട്ടികളും ഈ വിദ്യാലയത്തിലേക്ക് കടന്നു വന്നു.

ഇന്നും കുട്ടികൾക്ക് പഠനം സാധ്യമാ-
ക്കുക എന്നത് വളരെ ശ്രമകരമായ
ഒന്നാണ്. ഇതിനാവശ്യമായ പഠനോപ-
കരണങ്ങളുടെ അപര്യാപ്തത, ഇ-
പ്പോൾ ഉള്ള പാഠ്യപദ്ധതി, ഇവരെ
സംബന്ധിച്ച് ഒരു ഭാരമാണ്. ഇവർക്ക്
അനുയോജ്യമായ ഒരു പാഠ്യപദ്ധതി
രൂപീകരിക്കേണ്ടതായിട്ടുണ്ട്. കൂടാതെ
കുട്ടികളുടെ കായിക പരിശീലനത്തിനാ-
യി പരിശീലനം ലഭിച്ച അധ്യാപക-
രുടെ അഭാവം ഈ മേഖലയിൽ
കുട്ടികൾ മികവ് പുലർത്തുന്നതിന്
തടസമായി നിലനിൽക്കുന്നു.

# ഭിന്നശേഷിക്കാർക്ക് ഏർപ്പെടുത്തേണ്ട പ്രവർത്തനങ്ങൾ:

## ശാരീരികം:

- വ്യക്തിഗത സംസാര പരിശീലനം.
- വായനാ പരിശീലനം.
- ഭാഷ - സംസാര പരിശീലന പദ്ധതി
- ഭാഷാശേഷി വികസനം
- ഭാഷാ ബോധന തന്ത്രങ്ങൾ
- പിക്ചർ ഡിക്ഷണറി
- പിക്ചർ കാർഡ്
- സ്കൂൾ ലൈബ്രറി.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം - വീഡിയോ, ചിത്രം, ഫ്ലാഷ് കാർഡ് ഇവയുടെ സഹായത്തോടെ ഉപയോഗത്തിലൂടെയുള്ള

പഠിപ്പിക്കൽ.

- കുട്ടിയുടെ വീട് സന്ദർശനം
- ഇന്ത്യൻ സൈൻ ലാംഗ്വേജ് പഠനം
- കമ്പ്യൂട്ടർ ലാബ് സജ്ജീകരണം.
- പഠനോപകരണങ്ങളുടെ റിസോഴ്സും.
- കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ്.
- പ്രവൃത്തി പരിചയ ശില്പശാല.
- കലാ കായിക പരിശീലനം.
- സൂം ക്ലാസ് / ലൈവ് ക്ലാസ്
- ടി.വി നൽകുന്നതിന് (കൈറ്റ് വിക്ടേഴ്സ് ചാനലിനാൽ ടി.വി കുറവാണ്)

കുട്ടികളെ പഠനത്തെ ആകർഷിക്കാൻ ഉതകുന്ന രീതിയിൽ ക്ലാസ്റൂമുകൾ പരിസരം അക്ഷര ചിത്രങ്ങളുടെ കാഴ്ച ഒരുക്കൽ.

- ജൈവ വൈവിധ്യ പാർക്കിന്റെ വിപുലീകരണം.
- പച്ചക്കറിത്തോട്ടം.
- ലഹരി വിമുക്ത വിദ്യാലയം.
- ലഹരി വിരുദ്ധ ബോധവൽക്കരണം.
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം.
- PTA സജീവമാക്കൽ.
- SRG ശാക്തീകരണം.
- ട്രാഫിക് ബോധവൽക്കരണം.
- സുരക്ഷ ബോധവൽക്കരണം
- ആരോഗ്യം, കായികം, ശുചിത്വം ബോധവൽക്കരണം.
- സുംബ, യോഗ സജീവമാക്കൽ.
- ആരോഗ്യകരമായ ഭക്ഷണരീതി ബോധവൽക്കരണം.

## മികവിനായി എടുക്കേണ്ട പ്രവർത്തനങ്ങൾ :

### ഭൗതികം -

ഓപ്പൺ എയർസ്റ്റേജ് നവീകരണം

കളിസ്ഥലം നവീകരണം

ശാസ്ത്രലാബ്

മാലിന്യ സംസ്കരണ സംവിധാനം
- ബയോഗ്യാസ് പ്ലാന്റ് നവീകരണം

അധ്യാപകർക്ക് ഓരോ ക്ലാസിലേക്ക്
ലാപ്ടോപ്പുകൾ ലഭ്യമാക്കുക.

ചിൽഡ്രൻസ് പാർക്ക് നവീകരണം

## സാമൂഹികം -

വിദ്യാലയ മികവുകൾ പൊതുസമൂഹവു
മായി ബന്ധപ്പെടുന്നത്.

ICDS ബോധവൽക്കരണം.

പൂർവ്വ വിദ്യാർത്ഥി സംഗമം.

സ്കൂൾ ബ്രോഷർ.

## പഠന വിശദാംശങ്ങൾ:

### പ്രവർത്തനം -1

പേര്:- വ്യക്തിഗത പരിശീലനം.

മേഖല / ഉപ മേഖല :- അക്കാദമികം / ശ്രവണ ഭാഷ, സംസാര ശേഷി.

| ലക്ഷ്യം | പ്രവർത്തനം | കാലം | സാമഗ്രി | രൂപ |
|---|---|---|---|---|
| വ്യക്തിഗത ശ്രവണ ഭാഷ സംസാരം - പരിശീലനം ലഭ്യമാക്കുക. | • സ്പീച്ച് തെറാപ്പി<br>• ആവർത്തിച്ചുള്ള വായനയ്ക്ക് അവസരം നൽകുക.<br>• അസംബ്ലിയിൽ പത്ര വായന. | ജൂൺ | ക്ലാസ് റൂമിൽ സ്പീച്ച് തെറാപ്പിസ്റ്റ്. | |

## പ്രവർത്തനം : 2

പേര് :- ശ്രവണ പരിശീലനം

മേഖല :- ഭൗതികം/ ശ്രവണം, ഭാഷാശേഷി വികാസം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഒപ്പ് |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും വികസ്വര ഭാഷ, സംസാരം പരിശീലനം ലഭ്യമാക്കുക. | • ഓരോ ക്ലാസിലെയും കുട്ടികളുടെ ശ്രവണ സഹായികളുടെ പ്രവർത്തന ക്ഷമത എല്ലാ ആഴ്ചയിലും അധ്യാപകർ പരിശോധിച്ച് പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുക. • ശ്രവണ സഹായി ഉപയോഗിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കു | എല്ലാ ദിവസവും | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം - 3

പേര് :- ഭാഷാ സംസാര പരിശീലന പാക്കേജ്.

മേഖല :- അക്കാദമികം.

ഉപമേഖല :- ശ്രവണ ഭാഷാ സംസാര ശേഷി വികാസം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | തുക |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മികച്ച ശ്രവണ ഭാഷാ സംസാര പരിശീലനം നൽകുക. | • നിരന്തര നിർബന്ധിത സമ-ഷം എല്ലാ ക്ലാസിലും ശ്രവണ പരിശീലനം നിർബന്ധമായി നടന്നു. | എല്ലാ ദിവസവും. | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം - 4

പേര്:- പ്രത്യേക ഭാഷാ ബോധന തന്ത്രങ്ങൾ.

മേഖല:- അക്കാദമികം.

ഉപമേഖല:- ഭാഷാ ശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഒപ്പ്. |
|---|---|---|---|---|
| പ്രത്യേക ഭാഷാ ബോധന തന്ത്രങ്ങളുടെ സഹായം പ്രയോജനപ്പെടുത്തി ഭാഷാനൈപുണി വികാസം ഉറപ്പു വരുത്തുക. | • പ്രീ-പ്രൈമറി ക്ലാസുകളിൽ സംഭാഷണം, കഥ പറയൽ Direct Activity, പദാവലി, തുടങ്ങിയവയ്ക്ക് ഊന്നൽ നൽകി കാര്യക്ഷമം ആക്കുക. | എല്ലാ ദിവസവും | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം - 5

പേര് :- പിക്ചർ ഡിക്ഷണറി

മേഖല :- അക്കാദമിക.

ഉപമേഖല :- ഭാഷാ പഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | തുക. |
|---|---|---|---|---|
| കുട്ടികളുടെ പദ സമ്പത്തും ഭാഷാ നൈപുണികളും വികസിപ്പിക്കുക. | • എല്ലാ ക്ലാസുകളിലേയും കുട്ടികൾക്ക് അവരവരുടെ നിലവാരമനുസരിച്ച് പിക്ചർ ഡിക്ഷണറി തയ്യാറാക്കുക. | ജൂൺ | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം - 6.

പേര്:- കുട്ടികളിൽ വായനാശീലം വളർത്തൽ.

മേഖല:- അക്കാദമികം.

ഉപമേഖല:- വായനാ പരിപോഷണം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | തുക |
| --- | --- | --- | --- | --- |
| • കുട്ടികളുടെ വായനാശീലം വളർത്തുക.<br>• പൊതുവിജ്ഞാനം വളർത്തുക. | • വായനാമൂലയിൽ കുട്ടികൾ ചിത്രങ്ങൾ, പത്രം, ബാലമാസിക എന്നിവ സംഘടിപ്പിക്കുക. | ജൂൺ | വിദ്യാരംഗം club. | |

## പ്രവർത്തനം - 7

പേര് :- സ്കൂൾ ലൈബ്രറി

മേഖല :- അക്കാദമികം

ഉപമേഖല :- പദ പരിചയം, വാക്യങ്ങൾ കണ്ടെത്തൽ .. etc

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | തുക |
|---|---|---|---|---|
| കുട്ടികൾക്ക് വായനയോട്/ പരിചിത വാക്യങ്ങൾ കണ്ടെത്താനുള്ള താൽപര്യം വളർത്തുക. | ചിത്ര കഥാ പുസ്തകം കവിതകൾ [illegible] ചിത്ര പുസ്തകം etc ഉൾപ്പെടുത്തിയ ലൈബ്രറി | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | |

# പ്രവർത്തനം - 8

പേര് :- പഠനത്തിൽ പിന്നോക്കമായി നിൽക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകൽ.

മേഖല :- അക്കാദമികം

ഉപമേഖല :- പഠനനേട്ടം - പരിഹാര ബോധനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | [illegible] |
|---|---|---|---|---|
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ശരാശരി നിലവാരത്തിൽ എത്തിക്കുക. | • ലളിതമായ വർക്ക്ഷീറ്റ് നൽകി പഠനനേട്ടം ഉറപ്പുവരുത്തുക. • ചിത്രം വരയ്ക്കൽ, കഥ നൽകൽ, - കുറിപ്പ് തയ്യാറാക്കുന്ന ആക്ടിവിറ്റി നൽകൽ | ജൂൺ to ഡിസംബർ | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം - 9

പേര്: - സഹപാഠിക്കൊരു കൈത്താങ്ങ്.

മേഖല :- അക്കാദമികം.

ഉപമേഖല :- പുതിയ പഠനതന്ത്രം ആവിഷ്കരിക്കൽ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | തുക |
|---|---|---|---|---|
| പഠനത്തിൽ പിന്നിൽ നിൽക്കുന്ന കുട്ടികൾക്ക് നിരന്തര പരിശീലനത്തിലൂടെ ഗുണപരമായ മാറ്റം വരുത്തുക. | • ചിത്രം, അക്ഷരചിത്രം അക്ഷരങ്ങൾ, മൂർത്ത വസ്തുക്കളുടെ സഹായത്തോടെ പഠിപ്പിക്കുക.<br>• ക്ലാസിലെ മിടുക്കരായ കുട്ടികളുടെ സഹായത്തോടെ പിന്നോക്കം നിൽക്കുന്നവരെ പഠനത്തിൽ സഹായിക്കുക. | ജൂൺ 10 | ക്ലാസ് ടീച്ചർ | |

# പ്രവർത്തനം - 10.

ക്ലാസ്: - ഒന്നാം ക്ലാസ്.

മേഖല: - അക്കാദമികം.

ഉപമേഖല: [illegible]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | തുക |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അക്ഷര പരിജ്ഞാനം നൽകുക. 20 വരെയുള്ള അക്കങ്ങൾ പരിചയപ്പെടുത്തുകയും എഴുതുകയും ചെയ്യുക. | • ശരിയായ പ്രീ-പ്രൈമറി വിദ്യാഭ്യാസം നൽകുക. • Sculpture, Sand Paper എന്നിവയുടെ സഹായത്തോടെ അക്ഷരങ്ങൾ പരിചയപ്പെടുത്തുക. | ജൂൺ | Class Teacher. SRG. | |

35

## പ്രവർത്തനം - 11

പേര്:- കുട്ടിയെ അറിയുക. (ഭവന സന്ദർശനം)

മേഖല:- സാമൂഹികം.

ഉപമേഖല:- ഗൃഹതല

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | തുക |
|---|---|---|---|---|
| ഓരോ കുട്ടിയെയും വ്യക്തിപരമായി മനസ്സിലാക്കുക. കുട്ടിയുടെ സാമൂഹിക, സാമ്പത്തിക, കുടുംബ പശ്ചാത്തലം നേരിട്ട് മനസ്സിലാക്കി കുട്ടിയെ അറിയുക. | • കുട്ടിയെ പഠിപ്പിക്കുന്ന ടീച്ചർ കുട്ടിയുടെ വീട് സന്ദർശിക്കുക. • കുട്ടിയുടെ പഠനത്തിന് തടസ്സമായ കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കി കുട്ടിയെ പഠനത്തിന് സഹായിക്കുക. | ആറ് മാസം | ക്ലാസ് ടീച്ചർ | |

# പ്രവർത്തനം - 12

പേര്: - ആംഗ്യഭാഷാ പരിശീലനം (ISL)

മേഖല: - സാമൂഹികം.

ഉപമേഖല: - ആശയ വിനിമയം, ഭാഷാ പഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | പുരോഗതി | ആള് |
|---|---|---|---|---|
| കേൾവി പരിമിതി നായ കുട്ടികൾക്ക് ആശയ വിനിമയം നടത്തുന്നതിനായി ആംഗ്യഭാഷ പരിശീലനം നൽകുക. | • അക്ഷരങ്ങൾ, വാക്ക്, വസ്തുക്കൾ ഇവ തിരിച്ചറിയുന്നതിനായി ആംഗ്യഭാഷ(ISL) പരിശീലിപ്പിക്കുക.<br>• ആഴ്ചയിൽ മൂന്നു ദിവസവും ഓരോ മണിക്കൂർ സമയം ISL പരിശീലനം നൽകുക. | ജൂലൈ 10 | | |

## പ്രവർത്തനം : 13

പേര് :- കമ്പ്യൂട്ടറിന്റെ ലാബിന്റെ ശാക്തീകരണം.

മേഖല :- അക്കാദമികം.

ഉപമേഖല :- ജനറൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | തുക |
|---|---|---|---|---|
| വിവരവിനിമയ സാങ്കേതിക വിദ്യ കുട്ടികൾക്ക് സ്വായത്തമാകുന്നു | കമ്പ്യൂട്ടറിന്റെ മതിയായ എണ്ണം ആവശ്യാനുസരണം ലഭ്യമാക്കുക. | ജൂലൈ | Computer Teacher. | |

## പ്രവർത്തനം: 14

പേര്: - പഠനോപകരണങ്ങളുടെ നിർമ്മിതിയും.

ലെവൽ: - പ്രാഥമികം.

ഉപലെവൽ: - ജനറൽ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | തുക |
|---|---|---|---|---|
| • ഭാഷാ വിഷയങ്ങൾ രസകരമായി പഠിപ്പിക്കുക.<br>• ശരിയായ ഉച്ചാരണവും പാഠ്യം വ്യക്തമാക്കി കൊടുക്കാനാവശ്യമായ പഠനോപകരണം ഉണ്ടാക്കുക. | • ഭാഷാ വിഷയത്തിനും പഠനോപകരണങ്ങൾ നിർമ്മിക്കുക.<br>• പ്രദർശനം നടത്തുക.<br>• പദകാർഡ്<br>• My word book<br>• ചിത്രവലി | ജൂൺ to മാർച്ച് | class teacher SRG. | |

## പ്രവർത്തനം 15

പേര് : - രക്ഷിതാക്കൾക്ക് കൗൺസലിംഗ്

മേഖല : - സാമൂഹികം

ഉപമേഖല : - രക്ഷാകർതൃ ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഒപ്പ് |
| --- | --- | --- | --- | --- |
| ഭിന്നശേഷിയായ കുട്ടിയെ കുറിച്ചുള്ള ആകുലതയും തന്മൂലം ഉണ്ടാകുന്ന മാനസിക സമ്മർദ്ദവും ലഘൂകരിക്കുക. | Psychologist-ന്റെ സഹായത്തോടെ രക്ഷിതാക്കൾക്ക് കൗൺസലിംഗ് നൽകുന്നു. | ജൂൺ | SRG PTA | |

# പ്രവർത്തനം-16.

പേര്:- പ്രവർത്തി പരിചയ ശിൽപശാലകൾ

മേഖല:- അക്കാദമികം.

ഉപമേഖല:- പ്രവൃത്തി പരിചയം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഫലം |
|---|---|---|---|---|
| പ്രവർത്തി പരിചയ മേഖലയിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. | • എംബ്രോയ്ഡറി<br>• പേപ്പർ ക്രാഫ്റ്റ്<br>• വേസ്റ്റ് മെറ്റീരിയൽസ്<br>• അഗർബത്തി നിർമ്മാണം<br>• ക്ലേ വർക്ക് എന്നിവയിൽ പരിശീലനം നൽകുന്നു. | ജൂൺ to February | ക്രാഫ്റ്റ് ടീച്ചർ. | |

## പ്രവർത്തനം-17.

പേര്:- കലാ, കായിക പരിശീലനം.

മേഖല:- അക്കാദമികം.

ഉപമേഖല:- കലാ, കായിക പഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഫല |
|---|---|---|---|---|
| കുട്ടികളുടെ കലാ കായികപരമായ നൈസർഗ്ഗിക ശേഷി വികസിപ്പിക്കുക. | • സ്കൂൾ കലോത്സവത്തിനും work Experience നും കുട്ടികളെ ഒരുക്കുക.<br>• Sports meet നടത്തുക. | ജൂൺ | Arts Teacher | |

പ്രവർത്തനം - 18

പേര്: ഗ്രീൻ ക്യാമ്പസ് - ക്ലീൻ ക്യാമ്പസ്.

മേഖല: സാമൂഹികം

ഉപമേഖല:- ആകർഷകമായ വിദ്യാലയം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ആവ. |
|---|---|---|---|---|
| സ്കൂൾ പരിസരം വൃത്തിയുള്ളതും ആകർഷകവുമാക്കുക. | • എല്ലാ വ്യാഴാഴ്ചയും ക്ലീനിംഗ് ഡേ ആയി ആചരിക്കുന്നു<br>• സ്കൂളിന് ചുറ്റും പൂന്തോട്ടം, ചെടികൾ, മരങ്ങൾ വച്ചു പിടിപ്പിക്കുക. | ജൂൺ | പരിസ്ഥിതി ക്ലബ്ബ്. | |

# പ്രവർത്തനം - ൨൦.

പേര് :- പ്ലാസ്റ്റിക്കിനോടും

മേഖല : ഭൗതികം.

ഉപമേഖല :- ആരോഗ്യ സംരക്ഷണം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഒപ്പ്. |
|---|---|---|---|---|
| വിഷരഹിത പ്ലാസ്റ്റിക്കിനോടും നിർത്തിക്കുക. | • സ്കൂൾ പരിസരത്ത് പ്ലാസ്റ്റിക്കിനോടും നിർത്തിക്കുക.<br>• പ്രകൃതിയോട് ഇണങ്ങി ഇടപെടുന്ന ആവശ്യം അറിയുക | ജൂൺ | ആരോഗ്യ ക്ലബ്ബ് | |

# പ്രവർത്തനം 21

പേര്: - ലഹരി മുക്ത വിദ്യാലയം

മേഖല: - സാമൂഹികം

ഉപമേഖല: - ആരോഗ്യ സംരക്ഷണം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | തുക |
|---|---|---|---|---|
| കുട്ടികളിൽ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിന്റെ ദോഷങ്ങൾ മനസി-ലാക്കുക. | • ലഹരി വസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് skit<br>• ചിത്ര പ്രദർശനം | ജൂൺ | ആരോഗ്യ ക്ലബ്. | |

# പ്രവർത്തനം - 22

പേര്:- പ്ലാസ്റ്റിക് മുക്ത വിദ്യാലയം.

മേഖല:- സാമൂഹികം.

ഉപ മേഖല:- പരിസ്ഥിതി സംരക്ഷണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഒപ്പ് |
|---|---|---|---|---|
| സ്കൂൾ, ഹോസ്റ്റൽ, ക്യാമ്പസ്- പ്ലാസ്റ്റിക് വിമുക്തമാക്കുന്നു | • പ്ലാസ്റ്റിക് മാലിന്യ ശേഖരണം, നിർമാർജ്ജനം<br>• പ്ലാസ്റ്റിക് Bin സ്ഥാപിക്കുക. | ജനുവരിയിൽ നടപ്പിലാക്കി | പരിസ്ഥിതി ക്ലബ്. | |

## വിഷയ മേഖല.

1. മാതൃഭാഷ.-

- വായന മെച്ചപ്പെടുത്തുക.
  - അക്ഷരങ്ങൾക്കനുസരിച്ചുള്ള ചിത്രങ്ങൾ, കൊടുത്ത് വാക്ക്, വാക്യം ഇവ ഉണ്ടാക്കി വായിക്കാൻ അവസരം നൽകൽ.
  - ചിത്രങ്ങൾ, കഥാപുസ്തകം ഇവ ക്ലാസിൽ വായിക്കാൻ അവസരം നൽകൽ.
- എഴുത്ത് മെച്ചപ്പെടുത്തുക.
  - കോപ്പി എഴുതിക്കൽ
  - തിരുത്തി നൽകണം.
- വ്യാകരണം.
  - ചിഹ്നങ്ങൾ വരുന്ന അക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ നിരന്തരം പരിശീലിപ്പിക്കുക.
  - ക്രിയാപദങ്ങളും നാമപദങ്ങളും തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുക.

• സർഗ്ഗാത്മകത:

- നോട്ടീസ്, പോസ്റ്റർ, പ്ലക്കാർഡ്, എന്നിവയും കുട്ടികളുടെ നിർമ്മാണം.

- ഉത്സവം:- ഓ കേരളത്തിന്റെ പൈതൃകവും സംസ്കാരവും ആസ്വദി- ക്കുന്ന ചിത്രങ്ങളും, ഒട്ട് ശേഖരിച്ചു. സംഘടിപ്പിക്കുക., ശേഖരിക്കുക.

2. ഇംഗ്ലീഷ്:-

- അക്ഷരമാല പഠിക്കൽ
- ഇംഗ്ലീഷ് Dictionary നിർമ്മാണം.

3. ഗണിത ശേഷി വികസനം:

• സംഖ്യാബോധം -

- ഒന്ന് സംഖ്യയെല്ലാം സന്ദർഭങ്ങ നയിരിച്ചും രാശികൾ, പഴങ്ങൾ, നട്ടുകൾ, നാരങ്ങകൾ എന്നിവയെ

അടയാളമാക്കാൻ പ്രാപ്തരാകുക.

- അബാക്കസ് ഉപയോഗിച്ചുകൊണ്ട് കണക്ക് ചെയ്യുക.
- കലണ്ടർ നിർമ്മാണം.
- വിവിധ തരം പാറ്റേണുകൾ വഴി
യ പട്ടണി സംഖ്യാക്രമം ഉറപ്പിക്കുക.

- **ഗുണനം, വ്യവകലനം, ഹരണം:**
  - സംഖ്യാചാർട്ട്
  - ഗുണനപട്ടിക ചാർട്ട്
  - വ്യവകലന ചാർട്ട്

  (ചിത്രങ്ങൾ ഉൾപ്പെടെ)

  - ഗണിത കളികൾ സംഘടിപ്പിക്കുക.
  - വിവിധ വസ്തുക്കൾ ഉപയോഗിച്ചു കൊണ്ട് ഗുണനം, വ്യവകലനം, ഹരണം എന്നിവ ഉറപ്പിക്കൽ.
  - ക്രിയകൾ തോട്ടങ്ങളിൽ നിന്നും ചെയ്തു പരിശീലിപ്പിക്കുക.

- **രൂപങ്ങൾ :**
  - വിവിധ വസ്തുക്കൾ (ഈർക്കിൽ, തീപ്പെട്ടിക്കോൽ) ഉപയോഗിച്ച് രൂപങ്ങൾ സ്വയം നിർമ്മിക്കാൻ പരിശീലിപ്പിക്കുക.
  - രൂപങ്ങൾ വരയ്ക്കാൻ പരിശീലനം നൽകുക.

- **അളവുകൾ :**
  - അളവ് കണ്ടെത്താനുള്ള ഉപകരണ നിർമ്മാണം.

    ഉദാ:- അളവ് പാത്രങ്ങൾ,
    തൂക്ക കട്ടികൾ
    സ്കെയിൽ . . .

- **സമയം:**
  - ക്ലോക്ക് നിർമ്മാണം.
  - ക്ലോക്ക് വരയ്ക്കൽ - സമയം കണ്ടെത്തൽ.

## സോഷ്യൽ സയൻസ്:

- ചരിത്ര പഠനം അനിവാര്യമാക്കാൻ പുരാവസ്തു ശാസ്ത്രീയം സമർത്ഥം
- കൊച്ചുരാഷ് മുല - ദാരിദ്ര്യം, പട്ടിണി, ആരോഗ്യപ്രശ്നങ്ങൾ, സൈബർ കുറ്റ-കൃത്യങ്ങൾ ...
- പ്രകൃതി ദുരന്തങ്ങളുടെ ചിത്ര ശേഖരണം.

## സയൻസ്:

- എല്ലാ മാസവും ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.
- ജൈവ വൈവിധ്യോദ്യാനം നിർമ്മിക്കുക.

## പ്രതീക്ഷിത നേട്ടങ്ങൾ :-

അക്കാദമിക മാസ്റ്റർ പ്ലാൻ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കാൻ സാധിച്ചാൽ :-

- എല്ലാ ക്ലാസിലെയും കുട്ടികൾ എല്ലാ വിഷയങ്ങളിലും മികവ് കൈവരിക്കും.
- എല്ലാ കുട്ടികളും തൃപ്തികരമായ നിലയിൽ ഭാഷാ സംസാര വികാസം കൈവരിക്കും.
- Indian sign language വഴി സമൂഹങ്ങളോട് സ്വയം വിനിമയം നടത്താനുള്ള ശേഷി ആർജിക്കും.
- സ്കൂളിലേക്ക് കൂടുതൽ കുട്ടികൾ ആകർഷിക്കപ്പെടും.
- സ്കൂൾ ഭിന്നശേഷി ശിശുസൗഹൃദ പരമാകും.

## മോണിറ്ററിംഗ് രീതി:

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ്
- സോഷ്യൽ മോണിറ്ററിംഗ് (PTA, MPTA)
- ദൈനംദിന മോണിറ്ററിംഗ് - (ഹെഡ്മാസ്റ്റർ, SRG,) കൺവീനർ, PTA പ്രസിഡന്റ് തുടങ്ങിയവരുടെ നേതൃത്വത്തിൽ.
- മാനേജ്മെന്റ് തലത്തിലുള്ള മോണിറ്ററിംഗ്.

## ഉപസംഹാരം :-

മാനേജ്മെന്റ്, അധ്യാപക-അധ്യാപകേതര ജീവനക്കാർ, PTA, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, പൂർവ്വവിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ, ജീവകാരുണ്യ പ്രവർത്തകർ, എന്നിവരുടെ പരസ്പര ധാരണയോടു കൂടിയ നിരന്തരമായ സഹകരണത്തോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ലക്ഷ്യം വയ്ക്കുന്ന അക്കാദമികവും, ഭൗതികവും; സാമൂഹികവുമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും നടപ്പിലാക്കാൻ സാധിക്കും.